# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 430 28.06.2013-ലെ മറുപടിയ്ക്ക്

## തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതു സർവ്വീസ്

**ചോദ്യം**

ശ്രീ.എളമരം കരീം
ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.എം.ഹംസ

(എ) തദ്ദേശ സ്ഥാപനങ്ങളും അവയ്ക്ക് സാങ്കേതിക സഹായം നൽകുന്ന സംവിധാനങ്ങളും ഒരൊറ്റ വകുപ്പിനു കീഴിൽ പൊതു സർവ്വീസാക്കുന്നതിനോടുള്ള നിലപാട് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ.ഡോ.എം.കെ.മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 02/04/2011 മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും പൊതു സർവ്വീസിന് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 26.02.2011-ലെ സ.ഉ.(കൈ) നം.61/2011/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ് നടപ്പിലാക്കുന്നതു സംബന്ധിച്ചുണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ, സർവ്വീസ് പ്രശ്നങ്ങൾ എന്നിവ കൂടി കണക്കിലെടുത്തു കൊണ്ട് മാത്രമേ മേൽ വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളു.

| | | | |
|---|---|---|---|
| (ബി) | തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതു സർവ്വീസ് വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ മെച്ചപ്പെടും എന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാടിൽ മാറ്റം വരുത്താൻ തയ്യാറാകുമോ? | (ബി) | തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതു സർവ്വീസ് വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ മെച്ചപ്പെടും എന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ